## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3098      13.07.2015 ന് മറുപടിയ്ക്ക്

### വനാവകാശനിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ<br>" എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്:** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) വനാവകാശനിയമം ഉടൻ നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. അതിൻപ്രകാരം ഡിസംബർ 2015-നകം മുഴുവൻ കൈവശരേഖകളും നൽകേണ്ടതാണെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമം സമയബന്ധിത മായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) വനാവകാശ നിയമം നടപ്പാക്കുന്നതിനായി ഗ്രാമതലത്തിൽ ഊരുകൂട്ടങ്ങളും (വനാവകാശ കമ്മിറ്റി), സബ് ഡിവിഷൻതല കമ്മിറ്റി, ജില്ലാ തല കമ്മിറ്റി എന്നിവയും രൂപീകരിച്ച് നടപടി നടത്തി വരുന്നു. സംസ്ഥാനത്ത് വ്യക്തിഗത അവകാശം, വികസന അവകാശം എന്നിവയ്ക്ക് ലഭ്യമായ ഭൂരിഭാഗം അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ജില്ലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിശീലന പരിപാടികളിൽ വനാവകാശം നടപ്പാക്കുന്നതിനുള്ള തുടർ പരിശീലനങ്ങൾ നടത്തി വരുന്നു. ജില്ലാ മേധാവിമാരുടെ യോഗങ്ങളിലും വനം, റവന്യൂ, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ സംയുക്ത യോഗങ്ങളിലും പുരോഗതി വിലയിരുത്തി വരുന്നുണ്ട്. |

| | |
|---|---|
| സി) പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ? | (സി) ഭൂമിയുടെ സർവെ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾപൂർത്തിയാക്കുന്നതിനുള്ള താമസം, സ്കെച്ചുകൾ തയ്യാറാക്കുന്നതിലുള്ള കാലതാമസം, പ്രാദേശികമായ ചില തർക്കങ്ങൾ എന്നിവ കാരണമാണ് പ്രസ്തുത നിയമം നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത്. |

Ajith B

സെക്ഷൻ ഓഫീസർ